**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2333 **17.08.2017**-ലെ മറുപടിക്ക്

**പട്ടികജാതി വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണ വായ്പാ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പ് പട്ടികജാതി വിഭാഗക്കാർക്ക ഭവന നിർമ്മാണത്തിനു വായ്പ നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ എത്ര രൂപയാണ് വായ്പയായി നൽകുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിന് നൽകുന്ന പലിശരഹിത ഭവന വായ്പ പദ്ധതി നിലവിലുണ്ട്. എന്നാൽ, അപേക്ഷകരില്ലാത്തതിനാൽ 2010-ന് ശേഷം ടി പദ്ധതി നടപ്പിലാക്കുന്നില്ല. ഈ പദ്ധതി പ്രകാരം പരമാവധി 1,00,000/- രൂപയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. |
| (ബി) | ഈ വായ്പയ്ക്കുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | 1,00,000/- രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതിക്കാർക്ക് ഈ വായ്പയ്ക്ക് അപേക്ഷിക്കാവുന്നതാണ്. അസൽ പ്രമാണം, ജാതി, വരുമാനം കൈവശാവകാശം എന്നിവ തെളിയിക്കുന്ന രേഖകൾ, ലൊക്കേഷൻ മാപ്പ്, തണ്ടപ്പേര് കണക്ക്, ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് പ്ലാൻ & എസ്റ്റിമേറ്റ്, കരം തീർത്ത രസീത് എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ആവശ്യമായ കരാർ പത്രങ്ങൾ ലഭ്യമാക്കിയ ശേഷം ജില്ലാ പട്ടികജാതി വികസന ആഫീസർ തുക മാറി വായ്പാക്കാരന് നൽകുന്നു. മൂന്ന് ഗഡുക്കളായിട്ടാണ് തുക നൽകുന്നത്. വായ്പയുടെ 30% മുൻകൂറായും 50% കെട്ടിടനിർമ്മാണം തറ നിരപ്പ വരെ എത്തുമ്പോഴും, നിർമ്മാണം മേൽക്കൂര വരെ |

| | | | |
|---|---|---|---|
| | | | എത്തുകയും മേൽക്കൂര മേയുന്നതിനാവശ്യമായ സാധനങ്ങൾ സമാഹരിച്ചതിനു ശേഷവും ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസറോ പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയറോ നൽകിയ ഒരു പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയ ശേഷം ബാക്കി 20% തുക നൽകുന്നു. രണ്ടാമത്തെ ഗഡു കിട്ടി 4 മാസത്തിനകം മൂന്നാമത്തെ ഗഡുവിന് ആവശ്യപ്പെട്ടിട്ടില്ലായെങ്കിൽ രണ്ടാമത്തെ ഗഡു അവസാന ഗഡുവായി കണക്കാക്കുന്നതാണ്. വായ്പ തുക 240 തുല്യ പ്രതിമാസ തവണകളായി തിരിച്ചടയ്ക്കേണ്ടതാണ്. വായ്പയുടെ അവസാന ഗഡു ലഭിച്ച തീയതി മുതൽ കൃത്യം ഒരു വർഷം കഴിയുമ്പോൾ തിരിച്ചടയ്ക്കാൻ തുടങ്ങേണ്ടതാണ്. വായ്പയുടെ ഏതെങ്കിലും തവണ അടയ്ക്കേണ്ട തീയതിയ്ക്ക് അടച്ചില്ലെങ്കിൽ വീഴ്ച വരുത്തിയ തുകയ്ക്ക് ഒരു വർഷം 2.5% നിരക്കിൽ പിഴ പലിശ ഈടാക്കുന്നതാണ്. |
| (സി) | പട്ടികജാതി വിഭാഗത്തിനുള്ള ഭവന നിർമ്മാണ പദ്ധതിയുടെ തുടർനടപടികൾ നിർത്തിവെക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (സി) & (ഡി) | പട്ടികജാതി വിഭാഗത്തിനുള്ള ഭവന നിർമ്മാണ പദ്ധതിയുടെ തുടർനടപടികൾ നിർത്തിവയ്ക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (ഡി) | എങ്കിൽ ഇത്തരത്തിൽ ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ